**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1206** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കാർഷിക മേഖല മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. വി. സുമേഷ് ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** കേരളത്തിലെ കാർഷിക മേഖല മെച്ചപ്പെടുത്തുന്നതിനായി സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ പോകുന്നത് ; വിശദാംശം നൽകുമോ;

**<u>മറുപടി:</u>** കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വിളകളുടെ ഉല്പാദനക്ഷമതയും ഉല്പാദനവും മെച്ചപ്പെടുത്താനും, ആയതിലൂടെ കർഷകർക്ക് ഉയർന്ന വരുമാനം ഉറപ്പുവരുത്താനും, കാർഷിക മേഖലയെ സംരക്ഷിക്കുവാനുമുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇവ കൂടാതെ 2026-27 സാമ്പത്തിക വർഷത്തിൽ സ്ത്രീ കർഷകരുടെ ശാക്തീകരണത്തിലും വികസനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും, കാർഷിക മേഖലയിൽ ആധുനികവും ഉയർന്നുവരുന്നതുമായ സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിനും, സുസ്ഥിര കാർഷിക വികസനം, വരുമാന വർദ്ധനവ്, കാർഷിക സംരംഭകത്വം എന്നിവ ശക്തിപ്പെടുത്തുന്നതിനായി ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും, യുവതലമുറയിൽ കൃഷിയോടുള്ള താല്പര്യം വർധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് ഈ സർക്കാർ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

മേൽ സൂചിപ്പിച്ച പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**കൃഷി സഖി – വനിതാ കർഷക വികസന പരിപാടി** 2026-27 കാലയളവിൽ "കൃഷി സഖി – വനിതാ കർഷക വികസന പരിപാടി"ക്കായി ₹350.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഓരോ ഗ്രാമപഞ്ചായത്തിലും നിലവിലുള്ളതും സാധ്യതയുള്ളതുമായ വനിതാ കർഷക ഗ്രൂപ്പുകളെ കണ്ടെത്തി, അവരെ കാർഷിക സംരംഭങ്ങളിലേക്കും കാർഷിക പ്രവർത്തനങ്ങളിലേക്കും ഏകോപിപ്പിക്കുന്നതിലൂടെ, വനിതാ കർഷകരെ കേരളത്തിലെ കാർഷിക മേഖലയിലെ പ്രധാന ശക്തിയായി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉൽപ്പാദനം, സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം, വിതരണം എന്നിവ ഉൾപ്പെടുന്ന മുഴുവൻ കാർഷിക മൂല്യ ശൃംഖലയെയും ഉൾക്കൊള്ളുന്ന രീതിയിൽ, കാർഷിക മേഖലയിലെ സ്ത്രീകളെ ശാക്തീകരിക്കുന്നതിനായി പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നു.

**സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള കൃഷി**

2026 - 27 കാലയളവിൽ കാർഷിക മേഖലയിലെ പുതിയ സാങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ₹150.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നിർമ്മിത ബുദ്ധി (AI), ഡ്രോണുകൾ, IoT ഉപകരണങ്ങൾ, സെൻസറുകൾ, സ്മാർട്ട് ഇറിഗേഷൻ, പ്രിസിഷൻ ഫാമിംഗ് തുടങ്ങിയ നവീന സാങ്കേതികവിദ്യകളുടെ പ്രദർശനവും സ്വീകരണവും വഴി ഉൽപ്പാദനക്ഷമത

വർദ്ധിപ്പിക്കുക, വിഭവങ്ങളുടെ കാര്യക്ഷമ ഉപയോഗം ഉറപ്പാക്കുക, കീട-രോഗ നിയന്ത്രണം ശക്തിപ്പെടുത്തുക, ചെലവ് കുറയ്ക്കുക, കാലാവസ്ഥാ പ്രതിരോധശേഷി മെച്ചപ്പെടുത്തുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം.സംസ്ഥാനത്തുടനീളം ആധുനികവൽക്കരണം ത്വരിതപ്പെടുത്തുകയും സുസ്ഥിരവും ഡാറ്റാധിഷ്ഠിതവുമായ വിള ഉൽപാദനം ഉറപ്പാക്കുകയും ചെയ്യുന്നതിന് പദ്ധതി പിന്തുണ നൽകുന്നു.

**ഫാം ടൂറിസം പ്രോത്സാഹനം**

2026-27 കാലയളവിൽ ഫാം ടൂറിസം ഒരു സുസ്ഥിര കാർഷിക സംരംഭമായി വികസിപ്പിക്കുന്നതിനായി ₹50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കാർഷിക വരുമാനം വർദ്ധിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കേരളത്തിന്റെ കാർഷിക പൈതൃകം പ്രദർശിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. പ്രായോഗിക ബിസിനസ് പ്ലാനുകളും വിശദമായ DPR-കളും അടിസ്ഥാനമാക്കി ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത്, ക്രെഡിറ്റ്-ലിങ്ക്ഡ് പ്രോജക്ടുകൾക്ക് പലിശ സബ്‌വെൻഷൻ നൽകും. സംസ്ഥാനത്തുടനീളമുള്ള ഫാം ടൂറിസം സംരംഭങ്ങളുടെ അപേക്ഷ, നിരീക്ഷണം, മാനേജ്മെന്റ് എന്നിവ കാര്യക്ഷമമാക്കാൻ KATHIR ൽ പ്രത്യേക മൊഡ്യൂൾ ഒരുക്കാനും ഉദ്ദേശിക്കുന്നു.

**വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹനം**

2026-217 കാലയളവിൽ സ്കൂളുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ പുതിയ ഘടകത്തിനായി ₹100.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഫാം ക്ലബ്ബുകൾ രൂപീകരിച്ച് വിദ്യാർത്ഥികളിൽ കൃഷി അവബോധം വളർത്തുക, പോസിറ്റീവ് മനോഭാവം വളർത്തുക, സ്കൂൾ പൂന്തോട്ട പരിപാലനത്തിലൂടെ ക്ഷേമം മെച്ചപ്പെടുത്തുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. ഗുണമേന്മയുള്ള വിത്തുകൾ, തൈകൾ, ഉൽപ്പാദനോപാധികൾ എന്നിവയ്ക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായം കൃഷിഭവനുകളും കൃഷി വിജ്ഞാന കേന്ദ്രങ്ങളും നൽകും. പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ഏകോപനം നടത്തി പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

**(ബി)** കൃഷിക്കാർക്ക് ഗുണകരമാകുന്ന എന്തൊക്കെ നടപടികളാണ് കൃഷി വകുപ്പ് നടപ്പിലാക്കാൻ ആലോചിക്കുന്നതെന്ന് വിശദമാക്കാമോ?

**മറുപടി:** കേരളത്തിലെ കർഷകരുടെ ക്ഷേമവും കാർഷിക മേഖലയിലെ സുസ്ഥിരതയും ഉറപ്പാക്കുന്നതിൽ കൃഷിവകുപ്പിന്റെ വിവിധ പദ്ധതികളും പരിപാടികളും നിർണായക പങ്ക് വഹിക്കുന്നു.

വിളകളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ, യന്ത്രവൽക്കരണം, അടിസ്ഥാന സൗകര്യ വികസനം, മണ്ണ് പരിശോധന, സൂക്ഷ്മ ജലസേചന വികസനം, സുഗന്ധവിള വികസനം, നെൽകൃഷി വികസനം,

തെങ്ങ് കൃഷി വികസനം, പച്ചക്കറി പദ്ധതി വികസനം, ജൈവ പ്രകൃതി കൃഷി വികസന പദ്ധതികൾ, വിജ്ഞാന വ്യാപന പദ്ധതികൾ, മൂല്യവർദ്ധനവും വിപണന സരകര്യങ്ങളും ഉറപ്പാക്കൽ, കാർഷിക മേഖലയെ ദീർഘകാലം നിലനിൽക്കുന്ന ഒരു ശക്തമായ സാമ്പത്തിക അധിഷ്ഠാനമായി മാറ്റുകയും ചെയ്യുന്നു. കാലാവസ്ഥാ പ്രതിരോധ ശേഷി മെച്ചപ്പെടുത്തൽ, വിള ഇൻഷുറൻസ് മുഖേന അർഹമായ നഷ്ടപരിഹാരം നൽകൽ, യുവതലമുറയെ കാർഷിമേഖലയിലേക്ക് ആകർഷിക്കൽ, ഡിജിറ്റൽ സേവനങ്ങൾ, മറ്റ് കാർഷിക സേവനങ്ങൾ തുടങ്ങിയ പരിപാടികൾ കർഷകരുടെ ഉയർന്ന സുസ്ഥിര വരുമാന ലഭ്യതയും കാർഷിക മേഖലയുടെ സുസ്ഥിരതയും ഉറപ്പ് വരുത്തും.

2026-27 ബജറ്റിലെ പുതിയ പദ്ധതികളും നടപടികളും കർഷകരുടെ ക്ഷേമം, കാർഷിക മേഖലയിലെ സുസ്ഥിരത, കാലാവസ്ഥാ-പ്രതിരോധ ശേഷി, വിപണി സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നവയാണ്. റബ്ബർ വിലയിടിവിൽ നിന്ന് കർഷകരെ സഹായിക്കുന്നതിനായി അവതരിപ്പിച്ച "റബ്ബർ ഉൽപ്പാദന

പ്രോത്സാഹന പദ്ധതി" (RPIS) പ്രകാരമുള്ള റബ്ബറിന്റെ നിലവിലുള്ള താങ്ങുവില 200 രൂപയിൽ നിന്ന് 250 രൂപയായി ഉയർത്തി.

കേരളത്തിലെ പഴ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കയറ്റുമതിമേന്മയുള്ള പഴങ്ങളുടെയും പൂക്കളുടെയും ഉൽപാദകർക്ക് പ്രോത്സാഹനങ്ങൾ നൽകും.

നെല്ല് സംഭരണത്തിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും കർഷകർക്ക് സംഭരണ വില യഥാസമയം നൽകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

കേരളത്തിലെ കാർഷിക മേഖലയിൽ സ്ത്രീകളുടെ ശക്തമായ സാന്നിധ്യം ഉറപ്പാക്കുന്നതിനും സ്ത്രീകൾ നയിക്കുന്ന കാർഷിക സംരംഭങ്ങളെയും കർഷക കൂട്ടായ്മകളെയും പ്രോത്സാഹിപ്പിക്കുന്നതിനുമായി "കൃഷി സഖി - വനിതാ കർഷക വികസന പരിപാടി" എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

കാർഷിക ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗം ഉറപ്പാക്കുന്നതിനും കാലാവസ്ഥാ പ്രതിരോധശേഷി ശക്തിപ്പെടുത്തുന്നതിനും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), ഡ്രോണുകൾ, IoT അധിഷ്ഠിത കാർഷിക സാങ്കേതികവിദ്യകൾ എന്നിവയുൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

കാർഷിക വരുമാനം വർദ്ധിപ്പിക്കുന്നതിനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, കേരളത്തിന്റെ കാർഷിക പൈതൃകം പ്രദർശിപ്പിക്കുന്നതിനും വേണ്ടി ഒരു സുസ്ഥിര കാർഷിക സംരംഭമായി ഫാം ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ₹50.00 ലക്ഷം വകയിരുത്തിയിട്ടുണ്ട്. യുവതലമുറയെ കൃഷിയിലേക്ക് ആകർഷിക്കാൻ പുതിയ പദ്ധതി ഘടകം ഈ സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇത്തരത്തിൽ കൃഷിക്കാർക്കും സമൂഹത്തിനും ഗുണകരമാകുന്ന പലവിധ നടപടികളും കൃഷി വകുപ്പിലൂടെ സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുണ്ട്.

**സെക്ഷൻ ഓഫീസർ**